# ജി.എച്ച്.എസ്.എസ് ഏഴൂർ

# ദിശ



# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളും,അധ്യാപകരും ചേർന്ന്

ഒരുക്കിയ **ദിശ** മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

ഹെഡ്മിസ്ട്രസ്

ഹേമജ ടീച്ചർ

ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളും,അധ്യാപകരും ചേർന്ന്

ഒരുക്കിയ **ദിശ** മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

പ്രിൻസിപ്പാൾ

കുഞ്ഞവറാൻകുട്ടി സാർ

ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികളും,അധ്യാപകരും ചേർന്ന്

ഒരുക്കിയ **ദിശ** മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു

പി ടി എ പ്രസിഡന്റ്

അനിൽ തൊട്ടിയാട്ടിൽ

# അമ്മ നിഘണ്ടുവിൽ



അമ്മ;
കണയറ്റ കൈലുമായ്
പാത്രങ്ങളോട് മല്ലിടുന്ന
മുഷിഞ്ഞ ചേലത്തുമ്പ്
അമ്മ;
ഇന്നലെ പെട്ടന്ന്
പെയ്ത മഴയോട്

പുകഞ്ഞു കത്തുന്ന
നനഞ്ഞ വിറകിൻ കൊള്ളി
അമ്മ;
പുലർ കോഴി
കൂകുന്നതിനും മുമ്പ്
വീടിനെ വിളിച്ചുണർത്തുന്ന
ഓർമ്മ ഘടികാരം
അമ്മ;
കണയറ്റ കൈലുമായി
പാത്രങ്ങളോട്
കലമ്പുന്ന; മുഷിഞ്ഞ ചേലത്തുമ്പ്
ഇന്നലെ പെട്ടെന്ന്
പെയ്ത മഴയോട്
ദേഷ്യപ്പെട്ട്
പുകഞ്ഞു കത്തുന്ന
നനഞ്ഞ വിറകിൻ കൊള്ളി
പുലർ കോഴി
കൂകുന്നതിനു മുമ്പ് വീടിനെ വിളിച്ചുണർത്തുന്ന
ഓർമ്മ ഘടികാരം


**സുമേഷ് സർ**
ഫിസിക്കൽ സയൻസ് അധ്യാപകൻ






# ഓർമ്മകൾ

'മോഹങ്ങൾ ചിറകടിച്ചുയർന്നപ്പോൾ
നിനച്ചതില്ല ചിറകറ്റു വീഴുമെന്ന്
അറ്റുപോയവയ്ക്ക് ജീവനുണരുമെന്ന്
ഞാൻ അറിഞ്ഞതേയില്ല
ചിറകൊടിഞ്ഞ നിൻ ഓർമ്മകളിൽ
ജീവിക്കയായ് ഞാൻ
ഒടിഞ്ഞു പോയയെൻ കിനാവിൽ
പുനർജനിക്കയായ് നീ വീണ്ടും.'

ഫാത്തിമ റിഫ
9 D



ദാഹിച്ച് വലഞ്ഞ് ഒരു പക്ഷി. അത് വളരെ ദൂരത്തുനിന്ന് വരികയാണ്.അതിന്റെ നാട്ടിൽ ഇപ്പോൾ വരൾച്ചയാണ്. ജലത്തിനായി അത് ദിവസങ്ങളായി യാത്ര ചെയ്യുന്നു. പെട്ടെന്ന് ആ പക്ഷി ഒരു കിണർ കണ്ടു അത് അതിന്റെ സർവ്വശക്തിയുമെടുത്ത് അതിന്റെ അടുത്തേക്ക് പോയി. എന്നാൽ അതിന് കണ്ണീരു മാത്രമേ ഉണ്ടായുരുന്നുള്ളൂ കാരണം അതിൽ തൊട്ടുനോക്കാൻപോലും വെള്ളമില്ലായുരുന്നു. അത് വീണ്ടും സഞ്ചരിച്ചു കുറേ സഞ്ചരിച്ചപ്പോൾ അത് ഒരു ജലാശയം കണ്ടു. ആ പക്ഷി ആർത്തിയോടെ അതിന്റെ അടുത്തേക്ക് നീങ്ങി.



**റസൽ മേച്ചേരി**

# കാലം

അതിരില്ലാ കാലത്തിന്
അന്ത്യമില്ലാ യാത്രയിലൂടെ സഞ്ചരിക്കാം..
കാലിണ തറയോടടുപ്പിക്കുമ്പോൾ
കാത്തുകോർക്കുന്നു ബാല്യകാലം

കാലത്തിൻ തോണിയിൽ
ബാല്യമെന്ന പങ്കായത്തിലൂടെ
ഞാൻ നീങ്ങുന്നു....കൗമാരത്തിലേക്ക്..



കടൽപോലെ കലിതുള്ളും കാലം...
കൗമാരമെന്ന പട്ടത്തിലെ നൂലുകൾ
പിടിച്ച് ഞാൻ ചെന്നെത്തിയത്
യൗവ്വനമെന്ന ഉശിരുറ്റ കാലത്തിൽ...

ഒടുവിൽ നീന്തിച്ചെന്നെത്തിയത്
വാർദ്ധക്യമെന്ന വറ്റാറായ കടൽ...
കണ്ണീരുപോലെ ഒഴുകുന്ന കടലിൽ
കാലനെ കാത്തുനിൽക്കുന്ന കാലം...

പിന്നെയും അതാവർത്തിച്ചു...
കാൽ മണ്ണിൽപതിച്ചു...എന്നെന്നേക്കുമായി...

അതെ,ഇവിടെ തിരിയാ-
നാകാതെ നിൽക്കുന്നു...
ജീവിതത്തിന്റെ ചക്രവ്യൂഹം.....

-അശ്വതി ജയേഷ്.പി

# സാമൂഹ്യ പുനർനിർമ്മിതിക്കായ്...

സമൂഹത്തിലെ ചാലുകൾ കീറുന്നവർ എന്നും വേറിട്ട ശബ്ദങ്ങളാണ്.അതുകൊണ്ടുതന്നെയാണ് മാറ്റമില്ലാത്തത് മാറ്റത്തിനു തന്നെയാണെന്ന പ്രയോഗം ശ്രദ്ധേയമാകുന്നതും.എന്നാൽ പലപ്പോഴും സമൂഹത്തിന്റെ കല്ലേറുകൾ ഏറ്റുവാങ്ങേണ്ടി വരുന്നവർ ഇവർ തന്നെയാകുന്നു. പക്ഷെ,കാലചക്രം പിന്നീട് അവരെ ചേർത്ത് പിടിക്കുന്നു.

'പ്രതികരണശേഷി' എന്നുള്ളത് മനുഷ്യന് ലഭിച്ചിട്ടുള്ള അമൂല്യ വരദാനമാണ്.ചുറ്റും നടക്കുന്ന ദൈനംദിന സംഭവങ്ങളിൽ അനുകൂലമായോ,പ്രതികൂലമായോ,അറിഞ്ഞോ,അറിയാതെയോ പ്രതികരിക്കാത്തവർ ഇല്ലതന്നെ.നിങ്ങൾ, ഈ ലോകത്തുകാണാൻ ആഗ്രഹിക്കുന്ന  മാറ്റമാവട്ടെ എന്ന മഹാത്മാ ഗാന്ധിയുടെ വാക്കുകൾ കേൾക്കാത്തവരായി ആരുമുണ്ടാകില്ല. ആത്മ വിശ്വാസിയും,സ്ഥിരോത്സാഹിയും,ദീർഘദർശിയുമായ ഒരുവന് തീർച്ചയായും ലോകത്തെ മാറ്റിമറിക്കുന്ന മുഴങ്ങുന്ന ശബ്ദമാകാൻ സാധിക്കും.ഇവിടെ എടുത്തു പറയേണ്ട ഒന്നാണ് വർണ്ണവിവേചനത്തിനെതിരെ പ്രവർത്തിച്ച് വെള്ളക്കാരനായ ഒരുവന് തന്റെ സീറ്റ് വിട്ടുകൊടുക്കാൻ വിസമ്മതിച്ച റോസാ പാർക്സ്,ഇവിടെയും വരാനിരിക്കുന്ന അപകട സാധ്യതകളെ നന്നായി അറിഞ്ഞു കൊണ്ടുതന്നെ അവർ വേർതിരിവ് എന്ന മനുഷ്യനിർമ്മിത ചട്ടങ്ങളെ നിവർന്നുനിന്ന് വെല്ലുവിളിച്ചു.

അനാദി കാലം മുതലുള്ള ചരിത്രം പരിശോധിച്ചാൽ തെറ്റുകൾക്കെതിരെ  പ്രതികരിക്കുന്നവരുടെ ജീവിതം ഒരിക്കലും പട്ടുമെത്തയിൽ സുഖശയനം നടത്തുന്നവരുടേതുപോലെയായിരുന്നില്ല.എന്തിനധികം പറയുന്നു ഇന്നുനാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിനു പുറകിലും തിന്മകൾക്കെതിരെ പ്രതികരിച്ചവരുടേയും ജീവത്യാഗം ചെയ്തവരുടേയും നിരവധി കഥകൾ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്.എബ്രഹാം ലിങ്കൻ,മാർട്ടിന് ലൂഥർ കിംഗ്,അയ്യങ്കാളി,നെൽസൺമണ്ടേല തുടങ്ങി നിരവധി വ്യക്തിത്വങ്ങൾ അടിച്ചാർത്തലുകളുടെ പടച്ചട്ടകൾ പൊട്ടിച്ചറിഞ്ഞ് ലോക മാതൃകകൾ ആയവരാണ്

നിയ .എൻ

# <u>കലാലയം</u>

ചിതറിക്കിടന്നവരെ ചേർത്തു വെച്ച കലാലയമേ
ഒരുമിച്ചു ചേർത്തു നിന്നിലെ ഓരോ പടവുകളും
ഇന്നതെല്ലാം ഓർമകളായടഞ്ഞൊരു അധ്യായത്തിൽ
ഏടുകൾ മാത്രമായ്...
നുണരാൻ കൊതിക്കുന്നു നിന്നിലെ
ഒരുതുള്ളി മധുരമേറുന്നയോർമ്മയും
ഉണരുന്ന നീ തന്ന സൗഹ്യദങ്ങളും
വീണ്ടും പൂക്കുന്നിതാ നിന്നോടുള്ളൊരിഷ്ടം
നടന്നു തീരാത്തയാ വഴികളോടും
പറഞ്ഞു തീരാത്തയാ സൗഹൃദങ്ങളും

ഓർമ്മകളിൽ ഞാനതെല്ലാം നുണരുമ്പോഴും
ആ പടിവാതിലിൽ ഞാനിനി അന്യയാണ്..!

ഫാത്തിമ റിഫ






# കണ്ണാടി

ദിനംതോറും എത്ര
സുന്ദര മുഖങ്ങൾ
മുമ്പിൽ വന്നണയുന്നു
എന്നിട്ടെന്തേ എന്നോട്
പ്രണയം തോന്നാതിരുന്നത്

-ആയിഷ ഷൈമ.എ.കെ

# പുസ്തകം



എത്ര കൈവിരലുകൾ
സ്പർശിച്ച മുഖം
എത്ര ഇമവെട്ടാതെ
നോക്കിനിന്ന മുഖം
എത്ര തലോടലുകൾക്ക്
സാക്ഷിയായ മുഖം
എന്നിട്ടും മുഖത്തെ
മുറിവുകൾക്ക്
കുറവൊന്നുമില്ല

-നൈഷ

അമൽ.എം.കെ

# സിനിമാ പേര് കൊണ്ടൊരു കഥ

പട്ടാളം ബാലേട്ടന്റെ കലയാണ പിറ്റേന്നായ ഏപ്രിൽ 18ന് കോട്ടപ്പുറത്തെ കൂട്ടുകുടുംബം കുടുംബസമേതം എത്തി .
അന്യരായ നമ്മൾ ഗ്രാമഫോണും കളിപ്പാട്ടവും കളിയൂഞ്ഞാലും ചെങ്കോലും,കിരീടവുമായി ഈ പറക്കും തളികയിലെത്തി.

അവിടെ ഫ്രണ്ട്സുകളായ മീശമാധവനും,CID മൂസയും, കുഞ്ഞിക്കൂനനും,നരേന്ദ്രൻ മകൻ ജയകാന്തനും തുടർന്ന് ബന്ധുക്കളും, ശത്രുക്കളുമായ ഒരുപാടു പേർ.

കായംകുളം കണാരൻ,Stalinശിവദാസും,കരുമാടിക്കുട്ടനും,ദാദാസാഹിബും,ഇൻസ്പെക്ടർ ബലറാമും,കാസർകോട് കാദർഭായിയും,അപ്പുവും,മലപ്പുറം ഹാജിയിം മഹാനായ ജോജിയും,വക്കാലത്ത് നാരായണൻ കുട്ടിയും, T.P ബാലഗോപാലൻ M.Aയും,പുത്തൂരം പുത്രി ഉണ്ണിയാർച്ചയും,ചന്ദ്രയും ലേഖയും,അപ്പുണ്ണിയും,പല്ലാവൂർ ദേവനാരായണനും,കുട്ടേട്ടനും,ഡോക്ടർ പശുപതിയും,മലൈക്കോട്ട വാലിബനും,മാളൂട്ടിയും,സൂസന്നയും,കണ്ണൂർ സക്വാഡും ഇത്രയും പേർ ചേർന്ന് മംഗല്യസൂത്രത്തിൽ പങ്കുചേർന്നു

ഏപ്രിൽ 19 ഈ തണുത്തവെളുപ്പാൻ കാലത്ത്, കാലത്ത് നേരം പുലരുമ്പോൾ മേലേവാര്യത്തെ മാലാഖകുട്ടികളും , കല്യാണ ഉണ്ണികളും , കല്ലുകൊണ്ടൊരു പെണ്ണിൻ മിഴിരണ്ടിലും , കണ്ണെഴുതി പൊട്ടും തൊട്ട് വാൽകണ്ണാടി കാണിച്ചു കൊടുത്തു

ശാമളയും, ശകുന്തളയും ഭാര്യയായ ഗാതയും കൂടി കല്യാണ രാമൻ മന്ത്രമോതിരം സമ്മാനമായി നൽകി.

അക്കരെയാണ് അവളുടെ മാനസം അവൾക്ക് വല്ല്യേട്ടനായ അമ്മാവൻ മന്ത്രകോടി സമ്മാനമായി നൽകി

കണ്ണൂരിലെ കളമശ്ശേരിയിലെ കല്യാണയോഗത്തിന് കല്യാണകച്ചേരി മുഴുകിയപ്പോൾ മുഹൂർത്തം 11.30ന് ദീപങ്ങളേയും ദേശക്കാരേയും സാക്ഷിനിർത്തി മീനത്തില് താലികെട്ട് കഴിഞ്ഞു.

കഥാപുരുഷന് സ്ത്രീധനമായി അരമനവീടും അഞ്ഞൂറേക്കറും ലഭിച്ചു.ദി.കാറിൽ നവദമ്പതികൾ യാത്രാമൊഴി ചൊല്ലി.അനിയത്തിപ്രാവായ മീരയ്ക്ക് ദുഃഖവും വല്ല്യേട്ടനായ മുത്തുവിന് സന്തോഷവും മഴയെത്തും മുൻപെ അവർ മേലെപറമ്പിലെ ആൺവീട്ടിലെത്തി. എന്നെന്നും ഓർമ്മിക്കാനും ഓമനിക്കാനുമായി അവരുടെ മോഹങ്ങൾ പൂവണിഞ്ഞു.

ലൈഫ് ഈസ് ബ്യൂട്ടിഫുൾ

എന്ന്

സുനിൽ..!



# ജൂനിയർ റെഡ്ക്രോസ് JRC



വിദ്യാർത്ഥികളിൽ സേവന മനോഭാവം വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് JRC. "ആരോഗ്യം, സേവനം, സൗഹൃദം."എന്നതാണ് ഇതിന്റെ മുദ്രാവാക്യം. ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയാണ് (IRCS) ഇതിന്റെ മാതൃസംഘടന.റെഡ്ക്രോസ് സ്ഥാപിച്ചത് ഹെന്റി ഡ്യൂനന്റ് ആണ്. ആയിരത്തിൽ മുകളിൽ കുട്ടികളുള്ള വിദ്യാലയത്തിൽ 2യൂണിറ്റും താഴെയുള്ള വിദ്യാലയങ്ങളിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു.ഒരു വർഷം ഒരു യൂണിറ്റിൽ 30കുട്ടികളെയാണ്ചേർക്കുന്നത്.എട്ടാം ക്ലാസിലെ പരീക്ഷ 'A' ലെവൽ ഒമ്പതാം ക്ലാസിലെ പരീക്ഷ 'B'ലെവൽ പത്താം ക്ലാസിലെ പരീക്ഷ' C'ലെവൽ എന്നറിയപ്പെടുന്നു.



പത്താം ക്ലാസിൽ നിന്ന് വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 10മാർക്ക് ഗ്രേസ് മാർക്കായി സർക്കാർ നൽകുന്നുണ്ട്. സ്കൂളിൽ അകത്തും പുറത്തുമുള്ള സേവനപ്രവർത്തനങ്ങളിൽ കേഡറ്റുകൾ ഏർപ്പെടുന്നു.വിദ്യാലയത്തിൽ JRC യുടെ ചാർജുള്ള അധ്യാപകനെ /അധ്യാപികയെ കൗൺസിലർ എന്നും വിളിക്കുന്നു.

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്- SPC




അച്ചടക്കം മുഖമുദ്രയാക്കി, ദേശസ്നേഹം,പൗരബോധം,സഹജീവി സ്നേഹം,ഭരണ ഘടനയോട് അങ്ങേയറ്റം വിശ്വസ്ഥത, ഉയർന്ന ചിന്താഗതി തുടങ്ങിയ മൂല്യങ്ങൾ നിത്യജീവിതത്തിന്റെ ഭാഗമാകുവാനും,നിയമത്തെ അംഗീകരിക്കുകയും സ്വയം അനുസരിക്കുകയും ചെയ്യുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ ആരംഭിച്ച SPC പദ്ധതിയുടെ ഭാഗമാകാൻ GHSS EZHUR നും സാധിച്ചതിൽ ഞങ്ങൾ അഭിമാനിക്കുന്നു.വിദ്യാർത്ഥി




സമൂഹത്തിൽ തന്നെ നാളെയുടെ നായകരെ കണ്ടെത്തുന്നതിനു വേണ്ടി രൂപീകരിക്കപ്പെട്ട പദ്ധതിയാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി. കേരളത്തിലെ മണ്ണിൽ രൂപം കൊണ്ട ഈ പദ്ധതി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പ്രാവർത്തികമായി കഴിഞ്ഞു.വിദ്യാർത്ഥികൾ രണ്ട് വർഷത്തെ വിജയകരമായ പരിശീലനം പൂർത്തിയാക്കി വിവിധ മേഖലകളിലെ അനുഭവ സമ്പത്ത് പ്രയോജനപ്പെടുത്തു



ന്നു.വിദ്ധ്യാർത്ഥി സമൂഹത്തിൽ നിന്നു തന്നെ നാളെയുടെ പ്രതീക്ഷകൾ സൂക്ഷിക്കുന്ന ഈ മഹത്തായ കർമത്തിൽ അഭ്യന്തരവകുപ്പിനോടൊപ്പം,വിദ്യാഭ്യാസം,ഗതാഗതം,വനം,എക്സൈസ് എന്നീ വകുപ്പുകളും തോളോട് തോൾ ചേർന്ന് പ്രവർത്തിക്കുന്നു.

# ലിറ്റിൽ കൈറ്റ്സ്



വിവരവിനിമയ സാങ്കേതിക വിദ്യ വിദ്യാർത്ഥികളിൽ അഭ്യസിപ്പിക്കുന്നതിന് വേണ്ടിയും,വിവിധ സോഫ്റ്റ് വേയറുകൾ പരിചയപ്പെടുത്തുന്നതിന് വേണ്ടിയും കേരളസർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.ഒരു സ്കൂളിൽ ഓരോ ബാച്ചിലും 40വീതം കുട്ടികളാണുണ്ടാവുക ലിറ്റിൽ കൈറ്റ്സ് ചാർജ്ജുള്ള അധ്യാപകരെ കൈറ്റ് മാസ്റ്റർ / മിസ്ട്രസ് എന്നാണ് അറിയപ്പെടുന്നത്.





# അടൽ ലാബ്



വിദ്യാർത്ഥികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും, ശാസ്ത്ര പ്രതിഭകളുടെ കണ്ടെത്തലുകളെ പഠന വിധേയമാക്കി നൂതന കണ്ടെത്തലുകൾ നടത്തുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ് അടൽ ലാബ്.

ജില്ലയിൽ തന്നെ രണ്ടോ, മൂന്നോ സ്കൂളുകളിൽ മാത്രമേ അടൽ ലാബ് പ്രവർത്തിക്കുന്നുള്ളൂ. നമ്മുടെ സ്കൂളിലും അടൽ ലാബ് സജീവമായി പ്രവർത്തിച്ചു വരുന്നു.



# ക്യാമറക്കണ്ണിലൂടെ



















ജൂനിയർ
ഏകദിന













# THANK YOU..

